# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 6484      08.11.2016 ൽ മറുപടിയ്ക്ക്

## ഇ- സിഗററ്റ്

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-സിഗററ്റുകൾ നിരോധിച്ചിട്ടുണ്ടോ; | (എ) | സർക്കാർ നിർദ്ദേശപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ 01.08.2016 തീയതിയിലെ ഉത്തരവ് നം. പി.എച്ച്.5-59747/16/ആ.വ.ഡ. പ്രകാരം ഇലക്ട്രോണിക് സിഗററ്റുകൾ വിൽക്കുന്നതും വിതരണം ചെയ്യുന്നതും ഉൽപ്പാദിപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ ലഭ്യതയും വില്പനയും തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാന ആരോഗ്യവകുപ്പിലെ ജീവനക്കാരെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്ന കോട്പ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഇ-സിഗററ്റുകളുടെ വിപണനം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | നിരോധനം ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തുവാൻ ഭരണതലത്തിൽ മോണിറ്ററിംഗ് നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ആരോഗ്യവകുപ്പിലൂടെ നടത്തിവരുന്ന പുകയില നിയന്ത്രണ നിയമമായ കോട്പ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ-സിഗററ്റിന്റെ വ്യാപനം കൂടി നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന ഹെൽത്തി കേരള പദ്ധതിയിലൂടെയും ഇ-സിഗററ്റിന്റെ വിപണനം നിരീക്ഷിച്ചുവരുന്നു. ഈ നടപടികൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇ.സിഗററ്റുകൾഉപയോഗിക്കുന്നതിനെതിരായി ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പുകയിലയുടെ ഉപയോഗം ശീലിച്ച വ്യക്തികൾക്ക് പുകയില ഇല്ലാതെതന്നെ പുകവലിയുടെ അനുഭൂതി ലഭിക്കുമെന്ന ധാരണയിലാണ് ഇ-സിഗററ്റുകൾക്ക് വിപണിയിൽ പ്രചാരം ലഭിച്ചത്. എന്നാൽ ഇ-സിഗററ്റിൽ ഉപയോഗിക്കുന്ന നിക്കോട്ടിൻ തുടങ്ങിയ പദാർത്ഥങ്ങൾ പുകയില പോലെതന്നെ ആരോഗ്യത്തിന് ഹാനികരമായി ഭവിക്കുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ